**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1519** **07-10-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണം പൂർത്തിയാക്കുന്നതിന് സമയം നീട്ടി നൽകുവാൻ അദാനി ഗ്രൂപ്പ് അഭ്യർത്ഥിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | പദ്ധതി പൂർത്തീകരണത്തിന് 5 വർഷം കൂടി സമയം നീട്ടിനൽകണമെന്ന് ആവശ്യപ്പെട്ട് അദാനി കമ്പനി ആർബിട്രേഷൻ ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ സമയം നീട്ടി നൽകുവാൻ അഭ്യർത്ഥിച്ചതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | താഴെ പറയുന്ന കാരണങ്ങളാണ് സമയം നീട്ടി നൽകുവാൻ കരാർ കമ്പനി ചൂണ്ടിക്കാണിക്കുന്നത്. 1. ഒക്ടോബർ 2017-ൽ പദ്ധതി പ്രദേശത്ത് പ്രദേശവാസികൾ നടത്തിയ 11 ദിവസം നീണ്ടുനിന്ന സമരം. 2. നവംബർ 2017-ലെ ഓഖി ചുഴലിക്കാറ്റ് മൂലമുണ്ടായ നാശനഷ്ടങ്ങൾ. 3. ജൂലൈ 2018-ലെ കടൽക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങൾ. 4. 2018-ലെ പ്രളയം. 5. ക്വാറികൾക്ക് ലൈസൻസ് കൊടുക്കുന്ന നടപടികളിൽ ഭേദഗതി വരുത്തിക്കൊണ്ട് NGT യുടെ 2018 ഡിസംബറിലെ ഉത്തരവ്. 6. മൈനിംഗ് പ്രവർത്തനങ്ങൾ നിരോധിച്ചുകൊണ്ടുള്ള 2018 ആഗസ്റ്റിലെ DMG യുടെ ഉത്തരവ്. 7. മൈനിംഗ് പ്രവർത്തനങ്ങൾ നിരോധിച്ചുകൊണ്ടുള്ള 2019 ഒക്ടോബറിലെ DMA യുടെ ഉത്തരവ്. 8. 2019 ഒക്ടോബറിലെ മഹാ ചുഴലിക്കാറ്റ് മൂലമുണ്ടായ നാശനഷ്ടങ്ങൾ. 9. 2020 മാർച്ച് മുതൽ ആരംഭിച്ച കോവിഡ്-19 മഹാമാരി. 10. 2020 സെപ്റ്റംബറിലെ പാരിഷ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന 33 ദിവസം നീണ്ടുനിന്ന സമരം. 11. മൈനിംഗ് പ്രവർത്തനങ്ങൾ നിരോധിച്ചുകൊണ്ടുള്ള 2020 നവംബറിലെ DDMA യുടെ ഉത്തരവ്. |
| (സി) | തുറമുഖ നിർമ്മാണം പൂർത്തിയാക്കുന്നതിന് അധിക സമയം നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ കാരണം വിശദമാക്കാമോ? | (സി) | കോവിഡ്-19 മഹാമാരി മൂലമുണ്ടായ ദേശീയ ലോക്ഡൗൺ കാരണം നഷ്ടമായ 34 തൊഴിൽ ദിനങ്ങൾ അധികമായി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അധിക സമയം ആവശ്യപ്പെട്ട |

| | | | |
|---|---|---|---|
| | | | കൊണ്ട് അദാനി കമ്പനി ആർബിട്രേഷനെ സമീപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ